File No. F/1/2026-RIB-1 F/1/2026-RIB-1

27-07-2026

<u>വിജ്ഞാപനം</u>

സംസ്ഥാന സർക്കാരിന്റെ 01.04.2025 ലെ സ.ഉ.(സാധാ)നം. 781/2025/RD നമ്പർ ഉത്തരവ് പ്രകാരം വിപുലീകരിക്കപ്പെട്ട റവന്യൂ വകുപ്പിന്റെ ഔദ്യോഗിക ജനസമ്പർക്ക/പ്രസിദ്ധീകരണ വിഭാഗമായ റവന്യൂ ഇൻഫർമേഷൻ ബ്യൂറോയിൽ ഇവിടെ പറയുന്ന ഒഴിവുകളിലേയ്ക്ക് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് വേണ്ടിയുള്ള വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. കരാർ അടിസ്ഥാനത്തിലുള്ള നിയമനം ജോലിയ്ക്ക് പ്രവേശിക്കുന്ന തീയതി മുതൽ ഒരു വർഷക്കാലയളവിലേയ്ക്ക് മാത്രം ഉള്ളതാണ്. 18.02.2026 ലെ സ.ഉ.(അച്ചടി)നം.24/2026/ധന. നമ്പർ ഉത്തരവിലെ സേവന വേതന വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കും നിയമനം.

**<u>ഒഴിവുകളും, അപേക്ഷിക്കുന്നതിനുള്ള യോഗ്യതയും</u>**

1. **<u>കണ്ടന്റ് റൈറ്റർ</u> (കരാർ അടിസ്ഥാനത്തിൽ - കാറ്റഗറി X)**

   ബിരുദവും, ജേർണലിസം/മാസ് കമ്മ്യൂണിക്കേഷൻ വിഷയത്തിൽ ഡിപ്ലോമയും. മേഖലയിൽ 5 വർഷത്തെ എങ്കിലും പ്രവൃത്തി പരിചയം. ഏതെങ്കിലും മാധ്യമ സ്ഥാപനങ്ങളിലോ, പൊതുമേഖലാ സ്ഥാപനങ്ങളിലോ പബ്ലിക് റിലേഷൻ ഓഫീസ് ജോലി പരിചയം അഭികാമ്യം.

   **പ്രായപരിധി : 45 വയസ്സ്.**

2. **<u>പ്രൂഫ് റീഡർ</u> (കരാർ അടിസ്ഥാനത്തിൽ - കാറ്റഗറി VI)**

   ബിരുദവും, ഏതെങ്കിലും മാധ്യമ സ്ഥാപനത്തിൽ പ്രൂഫ് റീഡർ ആയി 3 വർഷത്തെ എങ്കിലും പ്രവൃത്തി പരിചയവും. വിരമിച്ചവർക്കും അപേക്ഷിക്കാം.

   **പ്രായപരിധി : 60 വയസ്സ്**

3. **<u>സ്റ്റുഡിയോ അറ്റൻഡർ</u> (ലാസ്റ്റ് ഗ്രേഡ് – ദിവസ വേതനാടിസ്ഥാനത്തിൽ കാറ്റഗറി I)**

   റെക്കോർഡിംഗ് സ്റ്റുഡിയോ സ്ഥാപനങ്ങളിൽ ഏറ്റവും കുറഞ്ഞത് 5 വർഷത്തെ പ്രവൃത്തി പരിചയം.

**<u>വാക്-ഇൻ ഇന്റർവ്യൂ</u>**

**തീയതി :** *14-08-2026*

**സ്ഥലം :** ***ഐ.എൽ.ഡി.എം, പി.ടി.പി നഗർ***

ഉദ്യോഗാർത്ഥികൾ ഇന്റർവ്യൂ ദിവസം രാവിലെ 10.30 ന് തിരുവനന്തപുരം പി.ടി.പി നഗറിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റ് കോമ്പൗണ്ടിലെ അക്കാഡമിക് ബ്ലോക്കിലെ റവന്യൂ ഇൻഫർമേഷൻ ബ്യൂറോ സ്റ്റുഡിയോയിൽ അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരാകേണ്ടതാണ്.

JOINT COMMISSIONER

Digitally signed by
SAFNA NAZARUDEEN
Date: 29-07-2026
10:50:56